(ഡി) എ.ഡി.ബി. ധനസഹായത്തോടെയുള്ള കേരള സുസ്ഥിര നഗര വികസന പദ്ധതിയിൽനിന്നും 243.58 കോടി രൂപ ഇതിലേക്ക് മാറ്റിവച്ചിട്ടുണ്ട്. ഇതിൽ 67.50 കോടി രൂപ എ.ഡി.ബി. വായ്പയും 176.08 കോടി രൂപ സംസ്ഥാന സർക്കാർ വിഹിതവുമാണ്. മറ്റ് ധനസമാഹരണത്തിനുള്ള നടപടികൾ പ്രാഥമിക ഘട്ടത്തിലാണ്.

(ഇ) പ്രസ്തുത ഫണ്ടിൽനിന്നും വായ്പ ലഭിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ തയ്യാറാക്കിവരുന്നതേയുള്ളൂ.

തിരുവനന്തപുരം ശ്രീപത്മനാഭ സ്വാമി ക്ഷേത്രം സർക്കാർ ഏറ്റെടുക്കണമെന്ന ഹൈക്കോടതി ഉത്തരവ്

19 (*199) ശ്രീ. ജി. കാർത്തികേയൻ :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. എൻ. ശക്തൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ശ്രീപത്മനാഭ സ്വാമി ക്ഷേത്രം സർക്കാർ ഏറ്റെടുക്കണമെന്നത് സംബന്ധിച്ച് ഹൈക്കോടതി എന്തൊക്കെ ഉത്തരവുകളാണ് നൽകിയിട്ടുള്ളത് ;

(ബി) ഇക്കാര്യത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്നറിയിക്കുമോ ;

(സി) പ്രസ്തുത ക്ഷേത്രത്തിന്റെ ഭരണ നിർവ്വഹണത്തിന് ട്രസ്റ്റ് രൂപീകരിക്കണമെന്ന നിർദ്ദേശം പരിഗണനയിലുണ്ടോ ;

(ഡി) പ്രസ്തുത ക്ഷേത്രത്തിലെ ആസ്തികളും അമൂല്യശേഖരങ്ങളും സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുന്നതിന് എന്തൊക്കെ സംവിധാനങ്ങൾക്കാണ് രൂപം നൽകാൻ ഉദ്ദേശിക്കുന്നത് എന്നറിയിക്കുമോ ?

ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി) :

(എ-ഡി) തിരുവനന്തപുരം ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിന്റെ ഭരണ നടത്തിപ്പു സംബന്ധിച്ചുള്ള ഹൈക്കോടതി ഉത്തരവ് ഇപ്പോൾ ലഭ്യമായിട്ടുണ്ട്. ഒരു ട്രസ്റ്റോ സമാനമായ സമിതിയോ രൂപീകരിച്ച് ക്ഷേത്രഭരണം സർക്കാർ ഏറ്റെടുക്കണമെന്നാണ് പ്രധാന നിർദ്ദേശം. ബഹുമാനപ്പെട്ട കോടതി ഉത്തരവിലെ നിർദ്ദേശങ്ങൾ നിയമപ്രകാരം പരിശോധിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly